ഇലക്ട്രിക്ക് കണക്ഷൻ.

* 1013. [43] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1956-57-ലെ ബഡ്ജറ്റ് വർഷത്തിൽ എത്ര മൈൽ നീളം ഇലക്ട്രിക്ക് കണക്ഷൻ കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട് ;

(ബി) കൊടുങ്ങല്ലൂർ-ചാമൻപതാൽ ലൈനും കറുകച്ചാൽ-പത്തനാട്ടുകാവു ലൈനും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ രണ്ടു ലൈനുകളും കൂടെ അടുത്ത ബഡ്ജറ്റ് വർഷത്തിൽ ഇലക്ട്രിക്ക് കണക്ഷൻ കൊടുക്കുവാൻ ദയവുണ്ടാകുമോ ?

മരാമത്തു വകുപ്പുമന്ത്രി. (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) 1956-57-ൽ 188 മൈൽ 11 K. V. ലൈനും, 205 മൈൽ L. T. 3 phase ലൈനും, 195 മൈൽ L. T. Single phase ലൈനും നീട്ടുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളതു്.

(ബി, സി) കറുകച്ചാൽ അടുത്ത വർഷത്തെ പ്രോഗ്രാമിൽ ഉൾപ്പെടുത്തുന്നതാണു്. ചാമൻപതാൽ ലൈൻ നീലവിലിരിക്കുന്ന ചട്ടമനുസരിച്ചു് ആദായകരമല്ലാത്തതിനാൽ അവിടത്തെ വരുമാനബാദ്ധ്യതകൾ കൂടുന്നതുവരെ നടപ്പിലാക്കുവാൻ നിവൃത്തിയില്ല.

ഭൂമി വിതരണം

* 1014. [44] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിരഹിതരായിട്ടുള്ള ആളുകളുടെ സഹകരണസംഘങ്ങൾക്കായി ഭൂമി കൊടുക്കുന്നതിനെപ്പറ്റി ഗവണ്മെൻറ് ആലോചിക്കുമോ ;

(ബി) ഭൂമി ആവശ്യമില്ലാത്ത ആളുകൾക്ക് അലോട്ട ചെയ്തു കൊടുക്കുന്നതുകൊണ്ടാണ് കുടിയേറി താമസിക്കുന്നതിന് ആളുകൾ വരാത്തതു് എന്നറിയുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഭൂമിരഹിതരായിട്ടുള്ള ആളുകളുടെ സഹകരണസംഘങ്ങൾക്കു മാത്രമേ കാളനൈസേഷൻ പദ്ധതിപ്രകാരം ഭൂമി കൊടുക്കുന്നുള്ളൂ.

(ബി) അങ്ങനെ അറിവില്ല.

ഗിരിവർഗ്ഗപ്രവർത്തനങ്ങൾക്കുള്ള ഉദ്യോഗസ്ഥൻ.

* 1015. [46] ശ്രീ. കെ. ചന്ദ്രശേഖര ശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗിരിവർഗ്ഗപ്രവർത്തനങ്ങൾക്കായി ഹിൽ ട്രൈബ്സ് ട്രൈബൽ ആഫീസർ (Hill Tribes Tribal Officer) എന്നൊരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly